# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5145      27-07-2015 ൽ മറുപടിക്ക്

## ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള സർക്കാർ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്; 2016 മാർച്ച് മാസം വിരമിക്കുന്നവരൊഴിച്ചാൽ ബാക്കി എത്രപേർ ഈ ലിസ്റ്റിൽ സ്ഥാന ക്കയറ്റത്തിനായി ഉണ്ടാകും; വ്യക്തമാ ക്കാമോ ; | (എ) നിലവിലെ ലിസ്റ്റിൽ നിന്നും 1497 എ റാങ്ക് വരെ നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിച്ചിട്ടുണ്ട്. |
| (ബി) തൊട്ടടുത്ത ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഏതു വർഷത്തെ നിയമനം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; വെളിപ്പെടുത്താമോ ; | (ബി) 1997-2000 വർഷത്തെ അടിസ്ഥാനമാക്കിയാണ് എച്ച്.എസ്.എമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 3094 പേരാണ് പ്രസ്തുത ലിസ്റ്റിൽ ഉള്ളത്. |
| (സി) ടെസ്റ്റ് യോഗ്യത നേടിയവരെ മാത്രം സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർമാരായി നിയമിക്കുവാനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ? | (സി) 22-06-2015 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റിയിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായവർക്ക് മാത്രം പ്രൊമോഷൻ നൽകിയാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു. കൂടാതെ ടെസ്റ്റ് പാസ്സാകാത്തവരെ പ്രൊമോഷന് പരിഗണിക്കരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവുമുണ്ട്. 16-05-2015 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 117/2015/പൊ.വി. പ്രകാരം ടെസ്റ്റ് പാസ്സായവർക്ക് പ്രൊമോഷന് മുൻഗണന നൽകണമെന്ന് കൂടി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ